# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഹമ്മ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.5/1557/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 26/12/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഹമ്മ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.5/1557/2022 തീയ്യതി: 26/12/2022

## ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-09-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പി ശ്രീദേവി, ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് സി.എസ്, അസ്സി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാകിലിൻ പി.ഡബ്ല്യൂ,സീനിയർ ഗ്രേ ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സ്വപ്ന ഷാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പി വി വിനോദ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലസിത കെ എസ് | അസി. സെക്രട്ടറി | 01-04-2021 | 26-11-2021 |
| ശ്രീ.പി വി വിനോദ് | അസി. സെക്രട്ടറി (ഇൻചാർജ്ജ്) | 27-11-2021 | 30-11-2021 |
| ശ്രീമതി.സീമ റോസ് | അസി. സെക്രട്ടറി | 01-12-2021 | 31-03-2022 |
| ഡോ. ജയന്തി | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | 01-04-2021 | 31-12-2021 |
| ഡോ. ശ്രീദേവി | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | 31-12-2021 | 31-03-2022 |
| ഡോ. ജ്യോതി എസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ജീന എൻ കെ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുമ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(,മുഹമ്മ സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീ.ഹാഷീഫ് എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കായിപ്പുറം സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി.അപർണ്ണ എ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി.റാൻസി പീറ്റർ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ശ്രീമതി.രാഖി അലക്സ് | കൃഷി ഓഫീസർ | 01-04-2021 | 05-11-2021 |
| ശ്രീമതി.കൃഷ്ണ പി എം | കൃഷി ഓഫീസർ | 05-11-2021 | 31-03-2022 |
| ഡോ. സുരേഷ് പി പണിക്കർ | വെറ്റിനറി സർജൻ | 01-04-2021 | 29-11-2021 |
| ഡോ. ഇന്ദു രാമകൃഷ്ണൻ | വെറ്റിനറി സർജൻ | 30-11-2021 | 28-02-2022 |

| | | | |
|---|---|---|---|
| ഡോ. സുരേഷ് പി പണിക്കർ | വെറ്റിനറി സർജൻ | 01-03-2022 | 31-03-2022 |
| ശ്രീമതി.സുനിത പി പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 03-05-2021 |
| ശ്രീമതി.സൌമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-05-2021 | 31-03-2022 |
| ശ്രീമതി.വിമല.പി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ.വിഷ്ണു എസ് | അസ്സി എഞ്ചിനിയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്ക് പരിശോധന - അപാകതകൾ | 1-2 |
| 3 | സാമ്പത്തികവിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി. | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മുൻകൂർ കൈപ്പറ്റിയെങ്കിലും വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-10 |
| 11 | അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം | 1-11 |
| 12 | തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-12 |
| 13 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-13 |
| 14 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല | 1-14 |
| 15 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 21,935/- രൂപ | 1-15 |
| 16 | റിസോർട്ടുകളിലെ നീന്തൽക്കുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം- 69,834/- രൂപ | 1-16 |
| 17 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല-15,000/- രൂപാ വരുമാന നഷ്ടം | 1-17 |
| 18 | പെട്രോൾ പമ്പ് വർഷങ്ങളായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-18 |
| 19 | പെട്രോൾപമ്പുകൾക്ക് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഉറപ്പാക്കേണ്ടതാണ് | 1-19 |
| 20 | ജപ്പാൻ കുടിവെള്ള പദ്ധതി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 21 | പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതി - ലാപ്ടോപ്പ് ലഭ്യമായിട്ടില്ല | 1-21 |
| 22 | സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 23 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ് | 1-23 |
| 24 | ഓഡിറ്റ് ഇംപാക്ട് -കാലിവീപ്പയുടെ ജി.എസ്.ടി.ഈടാക്കൽ | 1-24 |
| 25 | കെഎസ് ഇബിയിലേക്ക് നിക്ഷേപ പ്രവർത്തികൾക്കായി മുൻകൂർ നൽകൽ- | 1-25 |

| | | |
|---|---|---|
| | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. | |
| 26 | തുക നിഷ്ക്രിയമായി തുടരുന്നു- ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-26 |
| ഭാഗം **2** | | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല-15,000/- രൂപാ വരുമാന നഷ്ടം | 2-1 |
| 2 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 21,935/- രൂപ | 2-2 |
| 3 | റിസോർട്ടുകളിലെ നീന്തൽകുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം- 69,834/- രൂപ | 2-3 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

17.02.21 തീയതിയിലെ 1-)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. .

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 253057592 | 250034000 |
| വാർഷികകണക്ക് പ്രകാരം | 175627221 | 181660450 |

14.03.22 തീയതിയിലെ 2-)ം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവ് കണക്കുകൾ താഴെകൊടുക്കുന്നു

| വരവ് | ചെലവ് |
|---|---|
| 253057592 | 250034000 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 58786587/- രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 49236260/-രൂപയും ലഭിച്ചതുൾപ്പെടെ 108022847/-രൂപ RP Statement പ്രകാരമുള്ള വരവിനോടും ചെലവിനോടും കൂട്ടിയാൽ യഥാക്രമം 186910186/- ഉം 188815811 /- രൂപയുമാണ് വരുന്നത്. പുതുക്കിയബജറ്റ് തയ്യാറാക്കിയപ്പോൾ പോലും വാർഷിക ധനകാര്യപത്രികയും ബജറ്റും തമ്മിൽ വളരെയേറെ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികകണക്ക് പരിശോധന - അപാകതകൾ

മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിലേക്ക് ആസ്തി രജിസ്റ്റർ മൂല്യം ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്ന പക്ഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. എന്നാൽ ആയവ ഹാജരാക്കിയില്ല.

3)ഷെഡ്യൂൾ I 4 (B) പ്രകാരം Licence Fees For Dangerous And Offensive Tarders ന്റ് ഡിമാന്റ് 357000/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക 356500/- രൂപയാണ്. RP 43 ഷെഡ്യൂൾ പ്രകാരമുള്ള കളക്ഷൻ തുക 357500 /- രൂപയാണ് എന്നാൽ രജിസ്റ്റർ പ്രകാരമുള്ള വരവ് 356500 /- രൂപയാണ്

4) കേരള വാട്ടർ അതോറിറ്റിയിലേക്ക് നിക്ഷേപ പ്രവർത്തികൾക്കായി മുൻകൂർ നല്കിയ മുൻവർഷത്തെ തുക തന്നെ (82400/-) തുടരുന്നതായാണ് കാണുന്നത്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ എന്നത് അറിയിക്കേണ്ടതാണ് (ലഭിച്ചിട്ടുള്ള പക്ഷം അതിൻപ്രകാരം കുറവ് വരുത്തേണ്ടതുണ്ട്)

5)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

6) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 6029/- രൂപയും നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 4278/- രൂപയും തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെനത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. റസിഡൻഷ്യൽ ബിൽഡിംഗുകളുടെ അരിയർ കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 36887/-രൂപയാണ് .സഞ്ചയസോഫ്റ്റ്വെയർ പ്രകാരം 54353 /- രൂപയാണ്, വ്യത്യസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തികവിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 28726593 |
| വരവ് | 78887339 |
| ആകെ | 107613932 |
| ചെലവ് | 80792964 |
| നീക്കിയിരിപ്പ് | 26820968 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10762975 | 10762975 | 10707757 | 55218 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3385223 | 3385223 | 3062345 | 322878 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 185967 | 185967 | 164964 | 21003 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11692719 | 11692719 | 4160728 | 7531991 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6238393 | 6238393 | 5612961 | 625432 |
| സി. എഫ്, സി ടൈഡ് | 0 | 9162964 | 9162964 | 7897101 | 1265863 |
| സി. എഫ്. സി അൺ ടൈഡ് | 0 | 5645173 | 5645173 | 5447260 | 197913 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 97762843 | 132 | 58909271 | 15 | 46 | 68% |

## 1-6 തൊഴിലുറപ്പുപദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12289 | 660735 | 673024 | 672437 | 587 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 57080405 | 57080405 | 57080405 | |
| ആകെ | 12289 | 57741140 | 57753429 | 57752842 | 587 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77760 | 93 |
| കർഷകതൊഴിലാളി പെൻഷൻ | 2316800 | 161 |
| വിധവാപെൻഷൻ | 12187000 | 894 |
| വാർദ്ധക്യകാലപെൻഷൻ | 28943700 | 2776 |
| വികലാംഗപെൻഷൻ | 5711000 | 415 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 1278000 | 96 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2022 തീയതിയിൽ 03:00 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 60,771/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
5. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. വാടക സംബന്ധിച്ച രജിസ്റ്ററിൽ വാടക ഈടാക്കിയ രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
7. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
8. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
9. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
10. ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.
11. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
12. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മുൻകൂർ കൈപ്പറ്റിയെങ്കിലും വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല.

പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവനനിർമ്മാണ പദ്ധതി

പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെയ്ക്കുകയും സംസ്ഥാന വിഹിതത്തിൽ നിന്നും 40000/- രൂപ വീതം മുൻകൂറായി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി വീടുനിർമാണം ആരംഭിച്ചിട്ടില്ല. പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 08/21 | ശ്രീമതി.ശ്രീലത,അഞ്ചേരിൽനിലംനികർത്തിൽ | XV | 40000 |
| ,, | ശ്രീമതി.സിന്ധു സുധി,നികർത്തിൽ | XV | 40000 |
| ,, | ശ്രീ.അനൂപ്,പുത്തൻപറമ്പ് | XV | 40000 |
| ,, | ശ്രീ.പ്രമോദ് ദാസ്, മുല്ലശ്ശേരി | I | 200000 |

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ശ്രീമതി.സിന്ധു,ശ്രീമതി.ശ്രീലത എന്നിവർക്ക് സെക്രട്ടറി മുഖേന നോട്ടീസ് അയക്കുകയും നേരിൽ കണ്ട് സംസാരിക്കുകയും ചെയ്തതായി നിർവ്വഹണോദ്യോഗസ്ഥയായ വി ഇ ഒ പറഞ്ഞിരിക്കുന്നു.കൂടാതെ ശ്രീ.അനൂപ്,പുത്തൻപറമ്പ് എന്ന ഗുണഭോക്താവ് വീടുപണി തുടങ്ങുന്നതായും ശ്രീ.പ്രമോദ് ദാസ് ഇതേ പദ്ധതി പ്രകാരം 200000/- രൂപ കൈപ്പറ്റി ഫൗണ്ടേഷൻ മാത്രമേ പൂർത്തീകരിച്ചിട്ടുള്ള ശ്രീ.പ്രമോദ് ദാസ്,മുല്ലശ്ശേരിവെളി എന്ന ഗുണഭോക്താവ് സാമ്പത്തിക പ്രതിസന്ധി മൂലം തുടർന്നുള്ള പണികൾ ചെയ്യാൻ കഴിയാത്തതിനാൽ കൈപ്പറ്റിയ തുക തിരികെ അടയ്ക്കാൻ സന്നദ്ധത അറിയിച്ചതായും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തിയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും അല്ലാത്ത പക്ഷം കരാറിൽ പരാമർശിച്ച പ്രകാരം അഡ്വാൻസ് നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം

മുഹമ്മ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 27 അങ്കണവാടികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഇവയിൽ സ്വന്തമായി കെട്ടിടമില്ലാത്ത 2 അങ്കണവാടികളാണ് ഉള്ളത്. ഇതിൽ ഒന്നിന് സ്വന്തമായി സ്ഥലം ലഭിക്കുകയും അവിടെ കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 155 നമ്പർ അങ്കണവാടിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തുവെങ്കിലും ഇലക്ട്രിഫിക്കേഷൻ നടന്നിട്ടില്ല. 152 നമ്പർ അങ്കണവാടിയിലേക്ക് വൈദ്യുത ലൈൻ വലിക്കുന്നതിനുള്ള കൺസന്റ് ലഭിച്ചിട്ടില്ലാത്തതിനാൽ അവിടെയും കറണ്ട് ലഭിച്ചിട്ടില്ല. 134 നമ്പർ അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടില്ല. ബാക്കി അങ്കണവാടികൾക്കും കുടിവെള്ള കണക്ഷനും വൈദ്യുതി കണക്ഷനും ഉണ്ട്. പല അങ്കണവാടികളിലും ആവശ്യമായ ഫർണ്ണിച്ചറുകൾ, പാത്രങ്ങൾ, കളിയുപകരണങ്ങൾ എന്നിവയുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സഹായങ്ങൾ യഥാസമയം ലഭിക്കുന്നുണ്ട്. അനുപൂരക പോഷകാഹാര പദ്ധതിക്ക് ഫണ്ടിന്റെ അപര്യാപ്തത നിലവിലുണ്ട്. വളരെ പ്രധാനപ്പെട്ട പദ്ധതിയെന്ന നിലയിൽ ഇതിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ ഭരണസമിതി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-12 തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

മുഹമ്മ ഗ്രാമപഞ്ചായത്തിൽ 2018-19 കാലയളവിൽ ലൈഫ് ഭവനനിർമാണ പദ്ധതിയിലുൾപ്പെട്ട ശ്രീമതി.കൃഷ്ണമ്മ, ആഞ്ഞിലിപ്പറമ്പ് (വാർഡ് 16) എന്ന ഗുണഭോക്താവ് 340000/- രൂപ കൈപ്പറ്റിയെങ്കിലും വീടുനിർമ്മാണം ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യം മുൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായതായി കാണുന്നില്ല. ടി വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ആയതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ.7/13.10.2022) രേഖാമൂലവും നേരിട്ടും ഗുണഭോക്താവിനെ വിവരം അറിയിച്ചിട്ടുണ്ടെന്നും തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വി ഇ ഒ മറുപടി നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

മുഹമ്മ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ജല അതോറിറ്റിയിലേയ്ക്ക് പ്രതിമാസം 100000/-

*ഉപയോഗം* തനത് ഫണ്ടിൽ നിന്നും ഒടുക്കുവരുത്തുന്നുണ്ട്. സർക്കാർ മാർഗ്ഗരേഖ പ്രകാരം ഇക്കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങളും ജല അതോറിറ്റിയും നടത്തുന്ന സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാവണം ഗ്രാമപഞ്ചായത്തിലെ വെള്ളക്കരം നിശ്ചയിക്കേണ്ടത്. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ട് പൊതുടാപ്പുകളുടെ എണ്ണം കുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം നിലവിലുണ്ട്. എങ്കിലും പൊതുടാപ്പുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ തൽസ്ഥിതി തുടരുകയാണ്. ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി ഓരോ പ്രദേശത്തെയും ആവശ്യകതാ നിർണ്ണയം നടത്തുകയും ഉപയോഗക്ഷമമായ ടാപ്പുകൾ മാത്രം നിലനിർത്തി ആയതിന്റെ മാത്രം തുക ഒടുക്കുവരുത്തുന്ന നിലയിലേക്ക് മാറേണ്ടതും ആവശ്യമാണ്. ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയോ ജല അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാറിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | AVCCS കാട്ടുകട കയർ കൺസോർഷ്യം | രണ്ടാം അർദ്ധവർഷം |
| 2 | തടുത്തുവെളി ക്ഷീരോത്പാദക സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | ആശ്വാസ് ഫൈനാൻസിയേഴ്സ് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | മാതാ ഫൈനാൻസിയേഴ്സ്, കാവുങ്കൽ വടക്കേതറമൂട് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 5 | ദി മുഹമ്മ കയർ വ്യവസായ സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും |
| 6 | CHC എൻ.ആർ.എച്ച്.എം | രണ്ടാം അർദ്ധവർഷം |

മേൽ സൂചിപ്പിച്ച സ്ഥാപന ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/തീയതി 16-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളുടെ ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികളിൽ നിന്നും, കള്ളുഷാപ്പുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 22.01.2019 ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:14 /16-10-22) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എ പ്രകാരം ടി കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി കൊടുക്കുവാൻ ബാധ്യസ്ഥരാണ്. ചട്ടം 8 പ്രകാരം ടി കരാറുകാരുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്. ഈ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/തീയതി 16-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതും, അല്ലാത്ത പക്ഷം പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 21,935/- രൂപ

സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ അഞ്ചാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതും , 5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ സൈറസ് റിസോർട്ടിലെ, 205.09m² (കെട്ടിട നം: V/609A), 46.6m² (കെട്ടിട നം:V/621) എന്നീ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി റിസോർട്ടുകളിൽ നിന്നും ഈടാക്കേണ്ട 90 രൂപ നിരക്കിനു പകരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി 7 രൂപ നിരക്കിലാണ് നിലവിൽ വസ്തുനികുതി ഈടാക്കുന്നത്. ഇത്തരത്തിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. റിസോർട്ട് കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:19/ 21.10.2022) കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗക്രമം മാറ്റുന്നതിനായി ഉടമകൾക്ക് കത്ത് നൽകിയതായും ടി കെട്ടിടങ്ങളെ റിസോർട്ടുകളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | | വസ്തുനികുതി നിർണയിക്കേണ്ടത് | | ആകെ ഇടാക്കേണ്ട വസ്തുനികുതി | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 205.09 $M^2$@7 = 1435.6 | 46.6 $M^2$@7 = 326.2 | 205.0$m^2$ @90 = 18458 | 46.6 $M^2$ @90 = 4194 | | |
| മേഖല (പ്രഥമം) | ഇളവില്ല | | | | | |
| മേൽക്കൂര | ഇളവില്ല | | | | | |
| കാലപ്പഴക്കം | ഇളവില്ല | | | | | |
| വഴി സൌകര്യം | വർദ്ധനവില്ല | | | | | |
| നികുതി | 1436/- | 326/- | 18458 | 4194 | | |
| ലൈബ്രറി സെസ് 5% | (+) 71.8/- | (+)16 | (+)923/- | (+)210 | | 1,386/- |
| ആകെ | 1508/- | 342/- | 19,381/- | 4,404/- | 23,785/- | 21,935/- |

ഇത്തരത്തിൽ ഉപയോഗക്രമത്തിന് അനുസൃതമായി കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കാത്തത് മൂലം 2021-22 വർഷം പഞ്ചായത്തിന് 21,935/- രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടായത്. കെട്ടിടത്തിന്റെ ഉപയോഗക്രത്തിന് അനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22ലെ നികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 റിസോർട്ടുകളിലെ നീന്തൽക്കുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം- 69,834/- രൂപ

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011 ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിയ്ക്കുന്നു എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിയ്ക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്. ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ ടി സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോടു ചേർന്ന് നിർമ്മിച്ചതല്ല എങ്കിൽ കെട്ടിടങ്ങളിലെ പ്രധാന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർക്കുന്ന റിസോർട്ടുകളുടെ വെബ്സൈറ്റുകളിൽ ടി റിസോർട്ടുകളിൽ സ്വിമ്മിംഗ് പൂൾ സൌകര്യം ലഭ്യമാണെന്ന് പരസ്യം ചെയ്തിട്ടുണ്ട്. ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് ടി റിസോർട്ടുകളിൽ സ്ഥല പരിശോധന നടത്തി സ്വിമ്മിംഗ് പൂളുകൾ പ്രവർത്തിയ്ക്കുന്നതായി,പഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ 2021-22 ൽ ടി സ്വിമ്മിംഗ് പൂളുകളുടെ വസ്തുനികുതി റിസോർട്ടുകളിൽ നിന്നും അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്തിന്റെ രണ്ടാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന 5 മീറ്ററിലധികം വഴി സൌകര്യമുള്ള ലേലീല റിസോർട്ടിൽ (കെട്ടിട നം: II/337A, II/338 മുതൽ II/344 വരെ) 86m$^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: II/337 A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 86 M$^2$ @90= 7740 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര ഇളവ് 10% | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 1548 | |
| നികുതി | 9,288/- | |
| ലൈബ്രറി സെസ് 5% | (+)464/- | 464/- |
| ആകെ | 9752/- | 9,752/- |

ബി) പഞ്ചായത്തിന്റെ മൂന്നാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ പാതിരാമണൽ വില്ല എന്ന റിസോർട്ടിൽ (കെട്ടിട നം:III/236,III/236A മുതൽ III/236H വരെ) 92 M$^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: III/236 A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 92 $M^2$ @90= 8280 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര ഇളവ് 10% | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | വർദ്ധനവ് ഇല്ല | |
| നികുതി | 8,280/- | |
| ലൈബ്രറി സെസ് 5% | (+)414/- | 414/- |
| ആകെ | 8694/- | 8694/- |

സി) പഞ്ചായത്തിന്റെ മൂന്നാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൌകര്യമുള്ളതുമായ പേൾസ് സ്പോട്ട് (TRAVANN) റിസോർട്ടിൽ (കെട്ടിട നം: III/251, III/251A മുതൽ III/252 J വരെ, III/253) 117.7 $M^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: III/253) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 117.7$m^2$ @90= 10,593 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 2118.6 | |
| നികുതി | 12,712/- | |
| ലൈബ്രറി സെസ് 5% | (+)636/- | 636/- |
| ആകെ | 13,348/- | 13,348/- |

ഡി) പഞ്ചായത്തിന്റെ അഞ്ചാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ ലെമൺ ട്രീ വേമ്പനാട് ലേക്ക് റിസോർട്ടിൽ (കെട്ടിട നം: V/514, V/515, V/516,V/517) 178.44$m^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: V/516) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 178.44 $M^2$ @90 = 16059.6 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | വർദ്ധനവ് ഇല്ല | |
| നികുതി | 16,059.6/- | |
| ലൈബ്രറി സെസ് 5% | (+)803/- | 803/- |
| ആകെ | 16,863/- | 16,863/- |

ഇ) പഞ്ചായത്തിന്റെ ഏഴാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൌകര്യമുള്ളതുമായ താലി ഹോട്ടൽസ് ആൻഡ് ഡെസ്റ്റിനേഷൻസ് എന്ന റിസോർട്ടിൽ (കെട്ടിട നം: VII/362Aമുതൽ VII/362 I വരെ) 46.32 $M^2$, 91.62 $M^2$ എന്നീ തറവിസ്തീർണ്ണമുള്ള രണ്ട് നീന്തൽകുളങ്ങളുടെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: II/337 A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22), അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളങ്ങൾ നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) ഉടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളങ്ങൾ നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളങ്ങൾക്ക് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളങ്ങളുടെ വസ്തുനികുതി നിർണയിക്കേണ്ടത് | | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| | POOL 1 | POOL 2 | |
| അടിസ്ഥാന വസ്തു നികുതി | 46.32$m^2$ @90= 4168.8 | 93.62$m^2$ @90= 8425.8 | |
| മേഖല (പ്രഥമം) | ഇളവില്ല | | |
| മേൽക്കൂര | ഇളവില്ല | | |
| കാലപ്പഴക്കം | ഇളവില്ല | | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 833.76 | (+) 1685.16 | |
| നികുതി | 5002.56 | 10110.96 | |
| ലൈബ്രറി സെസ് 5% | (+)250 | (+)506 | 756/- |
| ആകെ | 5253/- | 10617/- | 15,870/- |

എഫ് ) സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ അഞ്ചാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതും ,5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ സൈറസ് റിസോർട്ടിൽ 56.16$m^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: V/609A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കേണ്ടതാണ്. നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിനെ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ്

വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് ഈ വിവരം ബോധ്യപ്പെട്ടതെന്നും സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി നിർമ്മിച്ച നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണ്ണയിക്കേണ്ടതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 56.16 $M^2$ @90 = 5054.4 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | വർദ്ധനവില്ല | |
| നികുതി | 5054.4 | 5054.4 |
| ലൈബ്രറി സെസ് 5% | (+)253 | (+)253 |
| ആകെ | 5,307/- | 5,307/- |

മേൽ സൂചിപ്പിച്ച റിസോർട്ടുകളിൽ പുതുതായി നീന്തൽകുളങ്ങൾ നിർമ്മിച്ച ശേഷം 14-11-2011 ലെ വസ്തുനികുതി ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കാത്തത് മൂലം 2021-22 വർഷത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 69,834/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള റിസോർട്ടുകളിൽ പുതുതായി നിർമ്മിച്ച നീന്തൽകുളങ്ങളുടെ വസ്തുനികുതി ടി റിസോർട്ടുകളിലെ പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് 2021-22 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്യീടാക്കിയില്ല-15,000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | ആശ്വാസ് ഫൈനാൻസിയേഴ്സ് , | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2 | മാതാ ഫൈനാൻസിയേഴ്സ് , കാവുങ്കൽ വടക്കേതറമൂട് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | തട്ടുത്തുവെളി ക്ഷീരോത്പാദക സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | കായിപ്പുറം ക്ഷീരോത്പാദക സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | AVCCS കാട്ടുകട കയർ കൺസോർഷ്യം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |

| | | | |
|---|---|---|---|
| 6 | ദി മുഹമ്മ കയർ വ്യവസായ സഹകരണ സംഘം, മുഹമ്മ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| ആകെ | | | 15,000/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:15 ,തീയതി 16/10/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 പെട്രോൾ പമ്പ് വർഷങ്ങളായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

മുഹമ്മ പഞ്ചായത്ത് പരിധിയിൽ, എട്ടാം വാർഡിൽ, മുഹമ്മ ജംഗ്ഷനിൽ, ശ്രീ കെ.പി. ലാലിയുടെ ഉടമസ്ഥതയിലുള്ള KAYGEES PETROLEUM എന്ന പെട്രോൾ പമ്പ് 2013-14 മുതൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:17/17-10-22) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ടി സ്ഥാപനത്തിന് 2012-13 വരെ ലൈസൻസ് ഉണ്ടായിരുന്നു എന്ന് വ്യക്തമായി ദ്യോതിപ്പിക്കുന്നു. എന്നാൽ ആയത് സ്ഥാപിക്കപ്പെടുന്നതിന് ഉപോത്ബലകമായ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ്-I അപായ സാധ്യതാ ഗണത്തിൽപ്പെടുന്ന വളരെ ജ്വലന സാധ്യതയുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ വിൽപ്പന നടത്തുന്ന ടി സ്ഥാപനം പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നത് ഗൗരവമുള്ള വിഷയമാണ്.കേരളാ പഞ്ചായത്ത് രാജ് 232-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ ലൈസൻസിന് വിധേയമല്ലാതെയുള്ള ഇത്തരം അപകട സാധ്യതയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം അനുവദനീയമല്ല.പഞ്ചായത്തിന്റെ അനുമതിയില്ലാതെ പഞ്ചായത്ത് അധികൃതരുടെ കൺമുന്നിൽ തന്നെ പ്രവർത്തിക്കുന്ന അപകട സാധ്യത ഏറെയുള്ള ടി സ്ഥാപനത്തിനെതിരെ പഞ്ചായത്ത് രാജ് അനുശാസിക്കുന്ന യാതൊരു നിയമ നടപടിയും നാളിതുവരെയും സ്വീകരിച്ചില്ല എന്നത് ആശ്ചര്യമുളവാക്കുന്ന കാര്യമാണ്.

ടി അപാകത ഓഡിറ്റ് ടീം ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ 2019-20 മുതൽ 2021-22 വരെയുള്ള 7665/- രൂപയും 2022-23 ലെ 1000/- രൂപയും ലൈസൻസ് ഫീസിനത്തിൽ പമ്പ് ഉടമ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയതായി മേൽ സൂചിപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:17/17-10-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ ലൈസൻസിന് അനുമതി ലഭിക്കുന്നതിന് പമ്പ് ഉടമ സമർപ്പിച്ച അപേക്ഷയും, അപേക്ഷയോടൊപ്പം ചട്ട പ്രകാരം ഹാജരാക്കേണ്ട നിരാക്ഷേപ പത്രങ്ങളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.2013-14 മുതൽ സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണത്തിന് (നം:17/17-10-22) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ നിന്നും യഥാർത്ഥത്തിൽ ടി സ്ഥാപനം ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്നതായി വിലയിരുത്തപ്പെടുന്നു. 2013ൽ റഗുലർ നമ്പർ നൽകിയിട്ടുള്ളതായി സഞ്ചയ പ്രകാരം കാണുന്നു എന്നാൽ അതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടി സ്ഥാപനം യു.എ രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ സഹിതവും കെ.പി.ബി.ആർ പ്രകാരം ടി സ്ഥാപനം റഗുലറൈസ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ /രജിസ്റ്ററുകൾ /ഫയലുകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ടി സ്ഥാപനം നാളിതുവരെ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ മേൽ സൂചിത ഓഡിറ്റ് അന്വേഷണത്തെ (നം:17/17-10-22) തുടർന്ന് 2019-20 മുതൽ 2021-22 വരെയുള്ള ലൈസൻസ് ഫീസ് 1996 ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ പ്രകാരമല്ലാത്ത എപ്രകാരം/ഏത് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കി എന്നതും വിശദമാക്കേണ്ടതാണ്.

## 1-19 പെട്രോൾപമ്പുകൾക്ക് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഉറപ്പാക്കേണ്ടതാണ്

കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എസ്ക്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊല്യൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ്, തദ്ദേശ സ്ഥാപനങ്ങൾ നല്കുന്ന ഡി. & ഒ. ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിക്കുന്ന 06.09.2020ലെ

ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ ഹോം-എസ്.എസ്.4/155/2020-ഹോം നമ്പർ കുറിപ്പിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന പെട്രോൾ പമ്പുകൾക്ക് രേഖാ മൂലം അറിയിപ്പ് നൽകേണ്ടതും പെട്രോൾ പമ്പുകൾ മേൽ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമാണ് ലൈസൻസ് അനുവദിച്ചത് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-20 ജപ്പാൻ കുടിവെള്ള പദ്ധതി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. S0178/22

അടങ്കൽ - 100000 /-

ചെലവ് - 72000 - (5795872 16.11.21 )

- 15100 /- (5795872 16.11.21 )

ഗ്രാമപഞ്ചായത്തിലേക്കും ഹോമിയോ ആശുപത്രി, ആയുർവ്വേദ ആശുപത്രി കൃഷിഭവൻ പകൽവീട് എന്നിവടങ്ങളിലേക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ പദ്ധതിക്കായി 72000 /- രൂപയും വാർഡ് 14 ലെ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റിലേക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് 15100/- രൂപയും വാട്ടർ അതോറിറ്റി ആലപ്പുഴ ഡിവിഷന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തികരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 87100/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ പദ്ധതി - ലാപ്ടോപ്പ് ലഭ്യമായിട്ടില്ല

പ്രൊജക്ട് നം. S0134/22

അടങ്കൽ - 700000/- (തനത് ഫണ്ട് )

ചെലവ് - 117060 ( ചെക്ക് നം 5795865/22.10.2021 )

പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ, ലാപ്ടോപ്പ്, ഹൈസ്പീഡ് സ്കാനർ ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ കേരളസർക്കാരിന്റെ ഓൺലൈൻ സംവിധാനമായ സിപിആർസിഎസ് ൽ നിന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് 117060/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിൽ എടുത്തതായി കാണുന്നില്ല. ടി ലാപ്ടോപ്പുകൾ ലഭ്യമായിട്ടുണ്ടോയെന്ന വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപ്പുകൾ ലഭ്യമാകുന്നത് വരെ ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക 117060/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

1.പ്രൊജക്ട് നം S0209/22

അടങ്കൽ - 42875/- (മറ്റുള്ളവ)

ചെലവ് - 42875/- (ഗുണഭോക്തൃവിഹിതം)

തറമൂട് മാന്താനം റോഡ് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി ഗുണഭോക്തൃവിഹിതം 42875/ രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷന് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

2.പ്രോജക്ട് നം. S0029/22

അടങ്കൽ - 61920/- (മറ്റുള്ളവ)

ചെലവ് - 61920 - (ബീ അർ നം. 21060552020100138279/ 22.06.21

ഐകെഎം വിഹിതമായി അനുവദിച്ച 61920 /- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.
മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 104795/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

മുഹമ്മ ഗ്രാമ പഞ്ചായത്തിൽ 2021 -22 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്.

എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഈടാക്കിയ തുക | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | എൽപി.എസ്.-രാഗം റോഡ് ടാറിംഗ്, വാർഡ് 11 (പ്രോജക്ട് നം. /20-21 ) | അംബികേശൻ.പി.എസ് | 8 ബാരൽ | 2000 | 2248 | 248 | 7/21-22 /13.07.22 |
| 2 | കന്യേവെളി അരേക്കൽ കോളനി റോഡ് ടാറിംഗ് വാർഡ് 2(പ്രോജക്ട് നം24/20-21 ) | കെ.കെ.ബാലചന്ദ്രൻ | 9 ബാരൽ | 2250 | 2529 | 279 | 16/21-22 /29.10.22 |
| 3 | ചാത്തമംഗലം- നമ്പിയേത്തുശ്ശേരി റോഡ് ടാറിംഗ്, വാർഡ്- 9. (പ്രോജക്ട് നം. 51/20-21 ) | അംബികേശൻ.പി.എസ് | 8 ബാരൽ | 2000 | 2248 | 248 | 6/21-22 /13.07.21 |
| | ആകെ | | | 4250 | 7025 | 775 | |

മേൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി വീപ്പയ്ക്ക് ബാധകമായ 18% നിരക്കിൽ ജി.എസ്.ടി ഈടാക്കാതിരുന്നതുമൂലമുള്ള നഷ്ടം 775/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ് (ഓഡിറ്റ് എൻക്വയറി (12/16.10.22).

## 1-24 ഓഡിറ്റ് ഇംപാക്ട് -കാലിവീപ്പയുടെ ജി.എസ്.ടി.ഈടാക്കൽ

മുഹമ്മ ഗ്രാമ പഞ്ചായത്തിൽ 2021 -22 ൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിരുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഈടാക്കിയ തുക | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | കായിക്കര ക്ഷേത്രം -കായിക്കര റോഡ് ടാറിംഗ് .വാർഡ്- 16(പ്രോജക്ട് നം. 61/20-21 ) | സി.ആർ.ജയൻ. | 13 ബാരൽ | 3250 | 3653 | 403 | 05/21-22/ 13.07.21 |
| 2 | ചിത്രം – പാട്ടച്ചിറ റോഡ് ടാറിംഗ്. വാർഡ് 8.(പ്രോജക്ട് നം. 47/20-21 ) | ഭുവനേന്ദ്രൻ | 10 ബാരൽ | 2500 | 2810 | 310 | 9/21-22/ 28.7.21 |
| 3 | ചാത്തമംഗലം- നമ്പിയേത്തുശ്ശേരി റോഡ് ടാറിംഗ്, വാർഡ്- 9. (പ്രോജക്ട് നം. 51/20-21 ) | അംബികേശൻ.പി.എസ്. | 8 ബാരൽ | 2000 | 2248 | 248 | 6/21-22 /13.07.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | എൽപി.എസ്.-രാഗം റോഡ് ടാറിംഗ്, വാർഡ് 11 (പ്രോജക്ട് നം. /20-21) | അംബികേശൻ.പി.എസ് | 8 ബാരൽ | 2000 | 2248 | 248 | 7/21-22 /13.07.22 |
| 5 | കന്യേവെളി അരേക്കൽ കോളനി റോഡ് ടാറിംഗ് വാർഡ് 2(പ്രോജക്ട് നം.24/20-21 ) | കെ.കെ.ബാലചന്ദ്രൻ | 9 ബാരൽ | 2250 | 2529 | 279 | 16/21-22 /29.10.22 |
| 6 | പോട്ടച്ചാൽ- പ്രോഗ്രസ്സീവ് റോഡ് ടാറിംഗ് വാർഡ് 12(പ്രോജക്ട് നം.199/20-21) | കെ.കെ.ബാലചന്ദ്രൻ | 16ബാരൽ | 4000 | 4496 | 496 | 18/21-22 /20.10.22 |
| 7 | മാളികവെളി ശാസ്താങ്കൽ റോഡ് ടാറിംഗ് വാർഡ് 4 (പ്രോജക്ട് നം.36/20-21) | പി.കെ.പ്രകാശൻ | 18ബാരൽ | 4500 | 5058 | 558 | 3/21-22 /13.07.22 |
| | ആകെ | | | 20500 | 23042 | 2542 | |

മേൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ 12% ജി.എസ്.ടി ഉൾപ്പെടെ 250/-രൂപ നിരക്കിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ കാലി വീപ്പയ്ക്ക് ബാധകമായ 18% നിരക്കിൽ ജി.എസ്.ടി ഈടാക്കാതിരുന്നതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി (12/16.10.22) നൽകിയതിനെതുടർന്ന് ക്രമനമ്പർ 1,2,6,7 എന്നീ പദ്ധതികൾ പ്രകാരം ഈടാക്കിയതിൽ കുറവു വന്ന തുകയായ 1767/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

## 1-25 കെഎസ് ഇബിയിലേക്ക് നിക്ഷേപ പ്രവർത്തികൾക്കായി മുൻകൂർ നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

കെഎസ് ഇബിയിലേക്ക് നിക്ഷേപ പ്രവർത്തികൾക്കായി മുൻകൂർ നല്കിയ മുൻവർഷത്തെ തുക തന്നെ (5520151/-) തുടരുന്നതായാണ് കാണുന്നത്.(വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ തുക നിലനിൽക്കുന്നു.). തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ എന്നത് അറിയിക്കേണ്ടതാണ് .

## 1-26 തുക നിഷ്ക്രിയമായി തുടരുന്നു- ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ സഹകരണ ബാങ്കിന്റെ മുഹമ്മ ശാഖയിൽ കുട്ടനാട് പാക്കേജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ . 31.3.2022 ലെ നീക്കിയിരുപ്പ് 281601 /- രൂപയാണ്. ടി അക്കൗണ്ട് നിഷ്ക്രിയമായി തുടരുന്നതായി കാണുന്നു. ആയതിനാൽ ടി. അക്കൗണ്ട് ക്ലോസ് ചെയ്ത് തുക സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്.

ആലപ്പുഴ ഡിസ്ട്രിക്ട് കോഓപ്പറേറ്റീവ് ബാങ്കിൽ അക്കൌണ്ട് നം 40171047000001 ൽ 166293 /- രൂപ അവശേഷിക്കുന്ന അക്കൗണ്ടും നിഷ്ക്രിയമായി തുടരുന്നതിനാൽ ആയത് ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല-15,000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | ആശ്വാസ് ഫൈനാൻസിയേഴ്സ് , | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2 | മാതാ ഫൈനാൻസിയേഴ്സ് , കാവുങ്കൽ വടക്കേതറമുട് | രണ്ട് അർദ്ധ | 1250X2=2500 |

| | | | |
|---|---|---|---|
| | | വർഷങ്ങളിലും | |
| 3 | തടുത്തുവെളി ക്ഷീരോത്പാദക സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | കായിപ്പുറം ക്ഷീരോത്പാദക സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 5 | AVCCS കാട്ടുകട കയർ കൺസോർഷ്യം | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 6 | ദി മുഹമ്മ കയർ വ്യവസായ സഹകരണ സംഘം, മുഹമ്മ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| ആകെ | | | 15,000/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:15 ,തീയതി 17/10/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 21,935/- രൂപ

എ) സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ അഞ്ചാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതും ,5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ സൈറസ് റിസോർട്ടിലെ, 205.09m² (കെട്ടിട നം: V/609A), 46.6m² (കെട്ടിട നം:V/621) എന്നീ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി റിസോർട്ടുകളിൽ നിന്നും ഈടാക്കേണ്ട 90 രൂപ നിരക്കിനു പകരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി 7 രൂപ നിരക്കിലാണ് നിലവിൽ വസ്തുനികുതി ഈടാക്കുന്നത്. ഇത്തരത്തിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. റിസോർട്ട് കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:19/ 21.10.2022) കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗക്രമം മാറ്റുന്നതിനായി ഉടമകൾക്ക് കത്ത് നൽകിയതായും ടി കെട്ടിടങ്ങളെ റിസോർട്ടുകളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | | വസ്തുനികുതി നിർണയിക്കേണ്ടത് | | ആകെ ഇടാക്കേണ്ട വസ്തുനികുതി | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 205.09 $M^2$@7 = 1435.6 | 46.6 $M^2$@7 = 326.2 | 205.0$m^2$ @90 = 18458 | 46.6 $M^2$ @90 = 4194 | | |
| മേഖല (പ്രഥമം) | ഇളവില്ല | | | | | |
| മേൽക്കൂര | ഇളവില്ല | | | | | |
| കാലപ്പഴക്കം | ഇളവില്ല | | | | | |
| വഴി സൌകര്യം | വർദ്ധനവില്ല | | | | | |
| നികുതി | 1436/- | 326/- | 18458 | 4194 | | |
| ലൈബ്രറി സെസ് 5% | (+) 71.8/- | (+)16 | (+)923/- | (+)210 | | 1,386/- |
| ആകെ | 1508/- | 342/- | 19,381/- | 4,404/- | 23,785/- | 21,935/- |

ഇത്തരത്തിൽ ഉപയോഗക്രമത്തിന് അനുസൃതമായി കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കാത്തത് മൂലം 2021-22 വർഷം പഞ്ചായത്തിന് 21,935/- രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടായത്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22ലെ നികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 റിസോർട്ടുകളിലെ നീന്തൽകുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം- 69,834/- രൂപ

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011 ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നു എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ ടി സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോട് ചേർന്ന് നിർമ്മിച്ചതല്ല എങ്കിൽ കെട്ടിടങ്ങളിലെ പ്രധാന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന റിസോർട്ടുകളുടെ വെബ്സൈറ്റുകളിൽ ടി റിസോർട്ടുകളിൽ സ്വിമ്മിംഗ് പൂൾ സൌകര്യം ലഭ്യമാണെന്ന് പരസ്യം ചെയ്തിട്ടുണ്ട്. ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് ടി റിസോർട്ടുകളിൽ സ്ഥല പരിശോധന നടത്തി സ്വിമ്മിംഗ് പൂളുകൾ പ്രവർത്തിക്കുന്നതായി,പഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ 2021-22 ൽ ടി സ്വിമ്മിംഗ് പൂളുകളുടെ വസ്തുനികുതി റിസോർട്ടുകളിൽ നിന്നും അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്തിന്റെ രണ്ടാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന 5 മീറ്ററിലധികം വഴി സൌകര്യമുള്ള ലേലീല റിസോർട്ടിൽ (കെട്ടിട നം: II/337A, II/338 മുതൽ II/344 വരെ) 86m$^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: II/337 A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 86 M$^2$ @90= 7740 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര ഇളവ് 10% | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 1548 | |
| നികുതി | 9,288/- | |
| ലൈബ്രറി സെസ് 5% | (+)464/- | 464/- |
| ആകെ | 9752/- | 9,752/- |

ബി) പഞ്ചായത്തിന്റെ മൂന്നാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ പാതിരാമണൽ വില്ല എന്ന റിസോർട്ടിൽ (കെട്ടിട നം:III/236,III/236A മുതൽ III/236H വരെ) 92 M$^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: III/236 A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ

അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 92 $M^2$ @90= 8280 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര ഇളവ് 10% | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | വർദ്ധനവ് ഇല്ല | |
| നികുതി | 8,280/- | |
| ലൈബ്രറി സെസ് 5% | (+)414/- | 414/- |
| ആകെ | 8694/- | 8694/- |

സി) പഞ്ചായത്തിന്റെ മൂന്നാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൌകര്യമുള്ളതുമായ പേൾസ് സ്പോട്ട് (TRAVANN) റിസോർട്ടിൽ (കെട്ടിട നം: III/251, III/251A മുതൽ III/252 J വരെ, III/253) 117.7 $M^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: III/253) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 117.7$m^2$ @90= 10,593 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 2118.6 | |
| നികുതി | 12,712/- | |
| ലൈബ്രറി സെസ് 5% | (+)636/- | 636/- |
| ആകെ | 13,348/- | 13,348/- |

ഡി) പഞ്ചായത്തിന്റെ അഞ്ചാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ ലെമൺ ട്രീ വേമ്പനാട് ലേക്ക് റിസോർട്ടിൽ (കെട്ടിട നം: V/514, V/515, V/516,V/517) 178.44$m^2$ തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: V/516) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) അവസാന വസ്തുനികുതി

നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 178.44 $M^2$ @90 = 16059.6 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | വർദ്ധനവ് ഇല്ല | |
| നികുതി | 16,059.6/- | |
| ലൈബ്രറി സെസ് 5% | (+)803/- | 803/- |
| ആകെ | 16,863/- | 16,863/- |

ഇ) പഞ്ചായത്തിന്റെ ഏഴാം വാർഡിലെ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൌകര്യമുള്ളതുമായ താലി ഹോട്ടൽസ് ആൻഡ് ഡെസ്റ്റിനേഷൻസ് എന്ന റിസോർട്ടിൽ (കെട്ടിട നം: VII/362Aമുതൽ VII/362 I വരെ) 46.32 $M^2$, 91.62 $M^2$ എന്നീ തറവിസ്തീർണ്ണമുള്ള രണ്ട് നീന്തൽകുളങ്ങളുടെ വസ്തുനികുതി 2021-22ലെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: II/337 A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22), അവസാന വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളങ്ങൾ നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളങ്ങൾ നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളങ്ങൾക്ക് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽകുളങ്ങളുടെ വസ്തുനികുതി നിർണയിക്കേണ്ടത് | | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| | POOL 1 | POOL 2 | |
| അടിസ്ഥാന വസ്തു നികുതി | 46.32$m^2$ @90= 4168.8 | 93.62$m^2$ @90= 8425.8 | |
| മേഖല (പ്രഥമം) | ഇളവില്ല | | |
| മേൽക്കൂര | ഇളവില്ല | | |
| കാലപ്പഴക്കം | ഇളവില്ല | | |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 833.76 | (+) 1685.16 | |
| നികുതി | 5002.56 | 10110.96 | |
| ലൈബ്രറി സെസ് 5% | (+)250 | (+)506 | 756/- |
| ആകെ | 5253/- | 10617/- | 15,870/- |

എഫ് ) സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ അഞ്ചാം വാർഡിലെ പ്രഥമ മേഖലയിൽ ഉൾപ്പെടുന്നതും ,5 മീറ്ററിൽ താഴെ വഴി സൌകര്യമുള്ളതുമായ സൈറസ് റിസോർട്ടിൽ 56.16$m^2$

തറവിസ്തീർണ്ണമുള്ള നീന്തൽകുളത്തിന്റെ വസ്തുനികുതി 2021-22ലെ സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം റിസോർട്ടിലെ പ്രധാന കെട്ടിടത്തിന് (കെട്ടിട നം: V/609A) നിലവിൽ ഈടാക്കുന്ന വസ്തുനികുതിയോട് ചേർത്ത് ഈടാക്കേണ്ടതാണ്. നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിനെ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം 16/ 16/10/22) തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് ഈ വിവരം ബോധ്യപ്പെട്ടതെന്നും സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി നിർമ്മിച്ച നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണ്ണയിക്കേണ്ടതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നീന്തൽകുളത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 56.16 $M^2$ @90 = 5054.4 | |
| മേഖല (പ്രഥമം) | ഇളവില്ല | |
| മേൽക്കൂര | ഇളവില്ല | |
| കാലപ്പഴക്കം | ഇളവില്ല | |
| വഴി സൌകര്യം 20% വർദ്ധനവ് | വർദ്ധനവില്ല | |
| നികുതി | 5054.4 | 5054.4 |
| ലൈബ്രറി സെസ് 5% | (+)253 | (+)253 |
| ആകെ | 5,307/- | 5,307/- |

മേൽ സൂചിപ്പിച്ച റിസോർട്ടുകളിൽ പുതുതായി നീന്തൽകുളങ്ങൾ നിർമ്മിച്ച ശേഷം 14-11-2011 ലെ വസ്തുനികുതി ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കാത്തത് മൂലം 2021-22 വർഷത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 69,834/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള റിസോർട്ടുകളിൽ പുതുതായി നിർമ്മിച്ച നീന്തൽകുളങ്ങളുടെ വസ്തുനികുതി ടി റിസോർട്ടുകളിലെ പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (18 / 20-10-22) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് 2021-22 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2021-22 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്ധ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | |

| | | | | | |
|---|---|---|---|---|---|
| | | 1000000 | പാലിന് സബ്സിഡി | 1000000 | |
| | | 1455000 | ലൈഫ് വീട് നിർമ്മാണം | 1455000 | |
| ആകെ | | 2855000 | | 2855000 | |
| ജില്ല | 2021-22 | 53304 | നെൽകൃഷി വികസനം | 53304 | |
| | | 100000 | അഗതി ആശ്രയ പദ്ധതി | 100000 | |
| | | 100000 | അംഗനവാടി പോഷകാഹാരം | 100000 | |
| | | 283450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 283450 | |
| | | 844922 | ടേക്ക് എ ബ്രേയ്ക്ക് | 844922 | |
| | | 100000 | പാലിന് സബ്സിഡി. | 100000 | |
| | | 240000 | ലൈഫ് വീട് നിർമ്മാണം | 240000 | |
| ആകെ | | 1721676 | | 1721676 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് 178/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22100651, 22100652 തീയതി 17/11/21 | 87100 | 0 | 87100 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22100799 തീയതി 15.01.22 | 42875 | 0 | 42875 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 480000/-രൂപ വരവുണ്ട്. .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി | ജി.ഒ.എം.എസ്.2278/തസ്വഭവ 18/08/2018 | 480000 | 43678374 | 11478333 | 0 | 39773040 |

## 4-5 സ്ഥിര നിക്ഷേപം

| സ്ഥിരനിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നം. (20.05.22 വരെ) |
|---|---|---|
| സൗത്ത് ഇൻഡ്യൻ ബാങ്ക് | 5000000 | 09021000000513 |
| ആകെ | 5000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19860 /- രൂപയുടെ വിശദാംശങ്ങൾ താഴെ കടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | ഖണ്ഡിക നം 1.14 | 2000 | മിനി പോൾ , റ്റി ജി പോളിമേഴ്സ് | 121010100129 , 22.04.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 1000 | രാജേഷ് എം പി , മുല്ലശ്ശേരി | 121010100135, 22.04.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 1000 | പ്രകാശ് ഷിയറിംഗ് ഫാക്ടറി | 121010100136 , 22.04.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 1000 | ഡോ. പ്രകാശൻ | 121010100166 , 26.04.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 1000 | മാനേജർ, പുത്തനങ്ങാടി ഷിയറിംഗ് ഫാക്ടറി | 121010100179, 27.04.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 3000 | ഡിറ്റോ ജേക്കബ് | 121010100204 , 30.04.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 1000 | മാനേജർ, മനാക്കിൻ റിസോർട്ട് പ്രൈ.ലിമിറ്റഡ് | 121010100211 , 03.05.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 1000 | സന്തോഷ് ജോർജ്ജ്, പേൾസ്പോട്ട് ഹോട്ടൽസ് | 121010100234, 06.05.2021 |
| 2019-20 | ഖണ്ഡിക നം 1.14 | 1000 | ശ്രീ. ജോൺ ജോസ്, ബ്രദേഴ്സ് കയർ ഫാക്ടറി | 121010100289, 14.06.2021 |
| 2019-20 | ഖണ്ഡിക നം | 150 | റ്റി.ജി പോളിമേഴ്സ് | 121010100454, |

| | | | | |
|---|---|---|---|---|
| | ll 2(1) | | & കോ | 30.06.2021 |
| 2019-20 | ഖണ്ഡിക നം 1(10) | 720 | വേദവ്യാസ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 121010100522 , 07.07.2021 |
| 2019-20 | 1.14ഖണ്ഡിക നം 1.14 | 1000 | കെ ജെ ജോസഫ് | 121010101008 , 06.09.2021 |
| 2020-21 | AUDIT ENQOIRY NAMBAR8(5-3) | 3000 | മാനേജർ, ഫൈബർവേൾഡ്, മുഹമ്മ | 121010101198 , 23.09.2021 |
| 2019-20 | ഖണ്ഡിക നം 5(7) | 100 | ജയശ്രീ | 121010101203 , 23.09.2021 |
| 2019-20 | ഖണ്ഡിക നം 5(2) | 100 | അരുൺ ശെൽവന് | 121010101204 , 23.09.2021 |
| 2019-20 | ഖണ്ഡിക നം 5(4) | 250 | ജിനേഷ് & രജിത ആർ. | 121010101205, 23.09.2021 |
| | ഖണ്ഡിക നം 5(8) | 200 | എബിൻ എ ഡി | 121010101206 , 23.09.2021 |
| | ഖണ്ഡിക നം. 5(9) | 200 | എം.എസ് ജോസഫ് | 121010101207 , 23.09.2021 |
| | ഖണ്ഡിക നം. 5(10) | 100 | അരവിന്ദാക്ഷൻ. | 121010101208, 23.09.2021 |
| 2018-19 | ഖണ്ഡിക നം. 1-45 | 240 | ഷൈൻ വേണുഗോപാൽ & അഞ്ജു പി കുറുപ്പ് | 121010101598 , 08.11.2021 |
| 2020-21 | ഖണ്ഡിക നം.8(5-6) | 1700 | ജോൺ പോൾ, ബ്രദേഴ്സ് കയർ മിൽസ്, | 121010101666 , 17.11.2021 |
| 2020-21 | ഖണ്ഡിക നം. 8(5-1) | 100 | സുരേഷ് ബാബു | 121010101669 , 17.11.2021 |
| | ആകെ | 19860 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ. |
|---|---|---|---|---|
| 2019-20 | 1-32 | 20-21 | വൈദ്യുതിലൈൻ വ്യാപനം.- പ്രവൃത്തി നടപ്പാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,88,87,339 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,07,92,964 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,06,769 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,08,955/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 15,000/- | | പി.വി.വിനോദ്, സെക്രട്ടറി |
| 2-2 | 21,935/- | | പി.വി.വിനോദ്, സെക്രട്ടറി |
| 2-3 | 69,834/ | | പി.വി.വിനോദ്, സെക്രട്ടറി |
| ആകെ | 1,06,769/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 87,100/- | പി.വി.വിനോദ്,സെക്രട്ടറി |
| 1-21. | 17,060/- | പി.വി.വിനോദ്,സെക്രട്ടറി |
| 1-22 | 104795/- | പി.വി.വിനോദ്,സെക്രട്ടറി |
| ആകെ | 2,08,955/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങള്

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.വിനോദ്, സെക്രട്ടറി | സെക്രട്ടറി, മുഹമ്മ ഗ്രാമപഞ്ചായത്ത് | പട്ടത്താനം, അവലൂക്കുന്ന്.പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 | 1 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 | 6 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 | 6 |
| 1999-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 | 7 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 | 10 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 | 13 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 | 9 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 | 8 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 | 10 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 | 19 |
| 2006-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 | 19 |
| 2007-08 | എൽ.എഫ്.എ.ജി-5/1577/ 14/06.02.14 | 14 |
| 2008-09 - 2010-11 | എൽ.എഫ്.എ.ജി-5/1577/ 13/16.06.14 | 9 |
| 2011-12 | എൽ.എഫ്.എ.പി1/496/2014 /10.03.16 | 16 |
| 2012-13 2013-14 | എൽ.എഫ്.എ.പി 1/130/15/10.03.16 | 14 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി1-764 /16/18.05.17/7.6.17 | 5 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി14-1524 /2016/1.11.17/14.11.17 | 19 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി14-858 /17/9.4.18/18.4.18 | 19 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി5-60 /2019/27.1.2020 | 16 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി5-1187 /2019/27.5.2020 | |
| 2019-2020 | കെ.എസ്.എ-എ.എൽ.പി/പി5-346 /2021/12.04.21 | |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി5-848 /2021/28.09.2021 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്